പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

21.11.2019 - ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 6652

## പുതിയങ്ങാടി മത്സ്യൂറമുഖനിർമ്മാണം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.റ്റി.വി.രാജേഷ് :** | | **ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ** (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) | കണ്ണൂർ ജില്ലയിലെ കല്യാശ്ശേരി മണ്ഡലത്തിലെ പുതിയങ്ങാടി മത്സ്യൂറമുഖത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ നിർദ്ദിഷ്ട പുതിയങ്ങാടി മത്സ്യബന്ധനതുറമുഖത്തിന്റെ മാതൃകാ പഠനത്തിനും സർവ്വേ ഉൾപ്പെടെയുള്ള കാര്യങ്ങൾക്കും വേണ്ടതായ എല്ലാ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | മാതൃകാ പഠനവും പാരിസ്ഥിതിക പഠനവും പൂർത്തിയാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ; വിശദമാക്കാമോ; | (ബി) | മേൽ പദ്ധതിയുടെ മാതൃകാപഠനം പൂനെ CWPRS മുഖേന നടത്തിയിട്ടുണ്ട്. എന്നാൽ നദീമുഖത്ത് മണൽതിട്ട രൂപാന്തരപ്പെടുന്നതിന് ശാശ്വത പരിഹാരമായി രണ്ട് പുലിമുട്ടുകൾ റിവർ ട്രെയിനിംഗ് വർക്ക് എന്ന നിലയിൽ ചെയ്യുന്നത് കൂടി പരിഗണിച്ച് CWPRS പഠനം നടത്തി സമർപ്പിച്ച റിപ്പോർട്ട് പരിശോധിച്ചു വരുന്നു. പഠനറിപ്പോർട്ട് അന്തിമമായതിന് ശേഷം മാത്രമേ പാരിസ്ഥിതിക (ഇ.ഐ.എ) പഠനം നടത്തുകയുള്ളൂ. |
| (സി) | നാളിതുവരെയായി എത്ര രൂപ മാതൃകാപഠനത്തിനായി ചെലവഴിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ? | (സി) | ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾക്കായി 2,50,554/- രൂപയും മോഡൽ സ്റ്റഡിയ്ക്ക് 34,27,610/- രൂപയും ഉൾപ്പെടെ ആകെ 36,78,164/- രൂപ നാളിതുവരെ ചെലവാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ